9 -ാം വർഷം
2025
ജൂൺ 29
ശ്ലീഹാ നാലാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



യുദ്ധകാലം നീതി നിഷേധത്തിന്റെ കാലം തന്നെ, ഉടയോൻ എക്കാലവും ഭൂമിയിൽ നീതിയ്ക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു! ഇന്നത്തെ നിയമാവർത്തന വായനയിൽ തെളിഞ്ഞു വരുന്നത്: 'മനുഷ്യൻ നീതിയും നിഷ്പക്ഷതയും നിർഭയത്വവും ധീരതയും സ്വായത്ത മാക്കണം, അന്തിമവിധിയാളൻ ദൈവമാണ്!'

തിന്മ നിറഞ്ഞ ദേശത്ത് കാളയും കഴുതയും യജമാനനെ അറിഞ്ഞപ്പോഴും സ്വന്തജനം, തങ്ങളെ പോറ്റി വളർത്തിയ ദൈവത്തെ തിര സ്കരിച്ചു, എന്നിട്ടും ദൈവം കരുണ വർഷിച്ചു. പാപത്തിന്റെ കടും ചെമപ്പ് മഞ്ഞുപോലെ വെണ്മയുള്ളതാകാനും രക്തവർണ്ണം കമ്പിളി പോലെ വെളു ക്കാനും അകൃത്യങ്ങൾ അവസാനി പ്പിച്ച് നന്മ പ്രവർത്തിക്കാനും ഏശയ്യായുടെ പുസ്തകത്തിൽ

# ഉടയോൻ നീതി തേടുന്നു

നിയ. 1:16-18. നീതിപൂർവ്വം വിധിക്കുവിൻ.
എശ. 1: 10-20. തിന്മ തുടച്ചുമാറ്റി നന്മ ചെയ്യുക.
1 കോറി. 9: 19-27. അനശ്വരകിരീടത്തിനായി ഓടുക.
ലൂക്കാ. 6: 27-36. തിന്മയെ നന്മകൊണ്ടു ജയിക്കുക.



ഷാജു അച്ചിനിമാടൻ

ആഹ്വാനമുണ്ട്. ക്രിസ്തുവിനോടുള്ള അനുരൂപണവും, അവൻ പഠിപ്പിച്ച സ്നേഹത്തിന്റെ സുവർണ്ണ നിയമത്തോടുള്ള അനുരണനവും ലേഖനഭാഗം ആവശ്യപ്പെടുന്നു. സുവിശേഷമാകട്ടെ, അത്യുന്നതന്റെ പുത്രന്മാരെന്നു വിളിക്കപ്പെടാൻ തിന്മയ്ക്ക് പകരം നന്മയെന്ന ഒറ്റമൂലിയാണ് നിർദ്ദേശിക്കുന്നത്.

## തീർത്തും ഓർഡിനറി

യേശുപ്രബോധനങ്ങളിൽ ഉടനീളം നിറഞ്ഞുനിൽക്കുന്നത് സാദാ ജീവിതവ്യാപാരങ്ങളാണ്. മനുഷ്യരുടെ കുറേ സാധാരണ പെരുമാറ്റരീതികളും ശീലങ്ങളും തികച്ചും ലളിതമായിത്തന്നെ പറഞ്ഞുവയ്ക്കുന്നു; നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങളും സ്നേഹിക്കുന്നു, നിങ്ങൾക്ക് നന്മ ചെയ്യുന്നവർക്ക് തിരിച്ചും നന്മ ചെയ്യുന്നു, തിരികെ ലഭിക്കുമെന്ന വിശ്വാസത്തിൽ കൊടുക്കൽ വാങ്ങലുകൾ തുടരുന്നു, നമ്മെ സഹായിച്ചവരെ നമ്മൾ ഓർക്കുന്നു, ജീവിതം സമൃദ്ധിയുടെ കാനാൻ ദേശത്ത് നങ്കൂരമിടുമ്പോൾ അനേകം സുഹൃത്തുക്കൾ, ചുറ്റിലും സഹായ ഹസ്തങ്ങൾ, പ്രോത്സാഹനങ്ങൾ, അധരസ്തുതികൾ, തളർച്ച വന്നാൽ താങ്ങാൻ ആളുകൾ, കെല്പുള്ള തിനാൽ പണം തരാൻ നീണ്ട നിരയാളുകൾ... എന്നാൽ ചില പരീക്ഷകളിലൂടെ കടക്കേണ്ടി വരുമ്പോഴാണ് നമ്മുടെ ലോഹമെന്തെന്ന് നാം തിരിച്ചറിയുക. സ്തുതിച്ചവർ തള്ളിപ്പറയുന്നു, സഹായം സ്വീകരിച്ചവർ കൈയൊഴിയുന്നു, അധിക്ഷേപിക്കുന്നു, ദ്രോഹിക്കുന്നു, ഒറ്റപ്പെടുത്തുന്നു, ശത്രുവിനെയെന്നപോലെ പരിഗണിക്കുന്നു. സ്നേഹത്തിന്റെ കമ്പോളത്തിൽ നിറഞ്ഞു നിൽക്കുന്നത് നുണകളുടെ വ്യാപാരമാണ്! നമ്മൾ പെട്ടുപോകുന്ന തിന്മയുടെ ചക്രവ്യൂഹത്തിൽ നിന്ന് നമ്മെ മുക്തരാക്കാൻ ക്രിസ്തു വച്ചുനീട്ടുന്ന പ്രസാദമാണ് ഇന്നത്തെ സുവിശേഷത്തിലെ സ്നേഹത്തിന്റെ സുവർണ്ണനിയമം.

### തിന്മയ്ക്ക് പകരം നന്മ – മേന്മ.

മദ്യപാനിയും അവിശ്വാസിയുമായ ഭർത്താവ് ഭാര്യയെ മർദ്ദിക്കുകയാണ്, എന്നിട്ട് ചോദിച്ചു, നീ വലിയ പ്രാർത്ഥന ക്കാരിയാണല്ലോ, എന്തേ നിന്റെ ദൈവം നിന്നെ സഹായിക്കാൻ വരുന്നില്ല? അവൾ ശാന്തമായി പറഞ്ഞു, എന്റെ ദൈവം എന്നെ സഹായിക്കുകയാണ്, ഈ അവസ്ഥയിലും നിങ്ങളെ സ്നേഹി ക്കാനും ശുശ്രൂഷിക്കാനും ദൈവം എനിക്ക് കൃപയും ശക്തിയും തരുന്നുണ്ടല്ലോ! ആ വാക്കുകൾ അയാളെ ഉടച്ചു വാർത്തു. വിശ്വാസിയല്ലാതിരുന്നിട്ടുകൂടി അവളെ പൂർണ്ണ ഹൃദയത്തോടെ അയാൾ സ്നേഹിക്കാൻ തുടങ്ങി. നന്മയ്ക്ക് തീർച്ചയായും ഒരു സാംക്രമിക ശക്തിയുണ്ട്, അത് ദുഷ്ടമനസ്സുകളെ പ്പോലും സ്വാധീനിക്കും, വിമലീകരിക്കും.

### ക്രിസ്തുവിന്റെ റിവേഴ്സ് ഗിയർ.

പക, വിദ്വേഷം തുടങ്ങിയ ക്ഷിപ്രപ്രതികരണങ്ങൾ തികച്ചും സാധാരണവും സ്വാഭാവികവുമെങ്കിൽ, ക്രിസ്തു നമ്മോട് റിവേഴ്സ് ഗിയറിൽ സഞ്ചരിക്കാനാണ് നിർദ്ദേശിക്കുന്നത്. തിന്മയ്ക്ക് പകരം നന്മ മാത്രം എന്നതാണ് അതിന്റെ സവിശേഷത. സുവിശേഷഭാഗ്യങ്ങളുടെ തുടർച്ചയായാണ് തിന്മയെ നന്മ കൊണ്ട് ജയിക്കാനുള്ള ഈ പ്രബോധനം മുന്നോട്ട് വയ്ക്കുന്നത്. ജീവിതത്തിന്റെ അന്ത്യനാളുകളിലോ മരണാനന്തരമോ (eschatological) വന്നുചേരുന്നവയല്ല സുവിശേഷ ഭാഗ്യങ്ങൾ, അനുദിനം ജീവിതത്തിൽ അനുഭവിക്കാവുന്നവയാണെന്നതാണ് സത്യം. ഈ ആത്മീയഭാഗ്യങ്ങളത്രയും മനുഷ്യർ അനുശീലിക്കേണ്ട മനോഭാവങ്ങളത്രേ. കൂടെ ചേർത്ത് വയ്ക്കുന്ന വ്യവസ്ഥകൾ ശ്രദ്ധേയമാണ്: കരുണ കാണിക്കുന്നവർക്ക് കരുണ ലഭിക്കും, വിശന്നാൽ തൃപ്തി, കരയുന്നവർക്ക് സന്തോഷം, അവഹേളിക്കപ്പെട്ടാൽ സ്വർഗ്ഗത്തിൽ പ്രതിഫലം. അവഹേളനത്തിൽ ദുഃഖമോ വിദ്വേഷമോ പരിഭവമോ വേണ്ട; പ്രശംസയിൽ അഭിമാനമോ സന്തോഷമോ ഔദ്ധത്യമോ അരുത്, ശാപത്തിന് പകരമായി അനുഗ്രഹം, അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കണം, പ്രഹരിക്കുന്നവരെ മറുകരണം കാട്ടിക്കൊടുത്ത് സ്നേഹത്താൽ നേടണം, വസ്തുക്കളും സമ്പത്തും ആഗ്രഹിച്ചു വരുന്നവർക്ക് തിരികെ പ്രതീക്ഷിക്കാതെ ഉദാരമായി കൊടുക്കണം. മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അതുപോലെ മറ്റുള്ളവരോട് പെരുമാറുക. 'ഓർഡിനറി' എന്നത് ലോകത്തിന്റെ രീതിയെങ്കിൽ ക്രിസ്തു നിർദ്ദേശിക്കുന്ന 'റിവേഴ്സ് ഗിയർ നന്മകൾ' നിശ്ചയമായും ദൈവീകമാണ്. നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്ന ദൈവത്തിന്റെ സ്വഭാവമാണ് മനുഷ്യമക്കളിൽ നിന്ന് ക്രിസ്തു പ്രതീക്ഷിക്കുന്നത്. ദ്രോഹിക്കുന്നവരെ കൃതജ്ഞതയോടെ കാണാനും ശുശ്രൂഷിക്കാനും മനസ്സിലാക്കാനും ഒരാൾ പൂർണ്ണമായും അഹങ്കാരമില്ലാത്തനായിരിക്കണം, വ്യവസ്ഥകളില്ലാതെ സ്നേഹിക്കാൻ കഴിയണം, അതിന് സമർപ്പണത്തിന്റെ പിൻബലമുണ്ടാകണം. അപരനെ അകറ്റി നിർത്താൻ നൂറായിരം കാരണങ്ങളുണ്ടാകാം, എന്നാൽ ചേർത്തു നിർത്താൻ ഒരേയൊരു കാരണം മാത്രം. അത് ക്രിസ്തു ഇന്നത്തെ സുവിശേഷഭാഗത്ത്

പഠിപ്പിക്കുന്ന ശത്രുസ്നേഹവും ക്ഷമിക്കുന്ന സ്നേഹവുമാണ്. മനുഷ്യൻ മറ്റൊരാൾക്കെതിരായാൽ അയാളെ എങ്ങനെ മനസ് സിലാക്കാനാകും? ഒരാളെ ആയിരിക്കുന്ന അവസ്ഥയിൽ അറിയണമെങ്കിൽ ദയയും സഹാനുഭൂതിയും അത്യാവശ്യമാണ്. വിദ്വേഷവും പകയും വിവേകത്തിന്റെ തിരി കെടുത്തിക്കളയും. ഫ്രാൻസിസ് പാപ്പ തന്റെ ആത്മകഥയിൽ പറയുന്നു, 'വിദ്വേഷം ആത്മാവിനെ കൊല്ലുകയും പ്രത്യാശയെ വിഷലിപ്തമാക്കുകയും ചെയ്യുന്നു'. ദ്വേഷവും പകയും ഹിംസയുടെ ഭാവങ്ങളാണ്. ദൈവസൃഷ്ടിയായ മനുഷ്യന്റെ ആന്തരികതയ്ക്ക് പകയും വിദ്വേഷവും ഒട്ടും ചേരില്ല, അവ മനുഷ്യന്റെ, സ്നേഹിക്കാനുള്ള സ്വാഭാവികചോദനയെ തന്നെ തടസ്സപ്പെടുത്തുന്നു, കെടുത്തിക്കളയുന്നു. ഒരു പൂവിനോട് ഇഷ്ടം തോന്നിയാൽ നാമത് ഇറുത്തെടുക്കുന്നു, എന്നാൽ സ്നേഹിക്കുന്നെങ്കിലോ, ആ ചെടി തന്നെയും വെള്ളമൊഴിച്ച് സ്നേഹപൂർവ്വം പരിപാലിച്ച് ഉണർവ്വിൽ നിലനിർത്തുന്നു, പൂവിന്റെ സൗന്ദര്യവും സൗരഭ്യവും വർദ്ധിക്കുന്നു. സർവ്വരുടെയും ക്ഷേമം ആഗ്രഹിക്കുന്നവർക്കും നാളെയിലേക്ക് ഒരു നീൾക്കാഴ്ചയുള്ളവർക്കും മാത്രമേ സ്നേഹത്തിന്റെ ഈ മനോഭാവം അനുശീലിക്കാനാകൂ. നാം സഹായിച്ചവരെ നമുക്ക് മറക്കാം, നമ്മെ സഹായിച്ചവരെ സ്മൃതിയിൽ സൂക്ഷിക്കാം, അവരോട് നന്ദി യുള്ളവരാകാം. ചില മേഖലകളിലെങ്കിലും നമ്മൾ മറ്റുള്ളവർക്ക് ദാതാക്കളാണ്. ഭിക്ഷയെടുക്കുന്നവൻ ദീനതയോടെയാണ് മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടുന്നതെങ്കിലും, ദൈവമയച്ച ഉദാരതയുള്ളവർ ആരെങ്കിലുമൊക്കെ എന്റെ ചുറ്റിലുമുണ്ട് എന്ന അവന്റെ വിശ്വാസം കണ്ടില്ലെന്ന് വയ്ക്കാനാകില്ല, അത് നന്മയാണ്.

### ശത്രു സ്നേഹം, ശ്രേഷ്ഠസ്നേഹം:

സാമൂഹ്യ മാധ്യമങ്ങളുടെയും 'ചാറ്റ് ജി പി ടി' യുടെയും 'ഏ ഐ' യുടെയും ഇക്കാലത്ത് സഹോദരരെ വർഗ്ഗീകരിക്കാനും വേർതിരിച്ചു കാണാനും മനുഷ്യർ വൈഭവമുള്ള വരായിരിക്കുന്നു. ആത്മപ്രകാശന ത്തിന് ഉപാധികൾ പെരുകിയപ്പോൾ അഭിരുചികളും ചായ് വുകളും ഓരോരുത്തരുടെയും പ്രത്യയ ശാസ്ത്രങ്ങളും വരെ വിപണന സാധ്യതയുള്ള വിവരങ്ങളും ഡാറ്റകളുമായി. ഗണം തിരിക്കാനുള്ള പാടവം വഴി, അകത്താക്കലും പുറത്താക്കലും കടിഞ്ഞാണില്ലാതെ പച്ച പിടിച്ച് വ്യാപകമായി. എന്റെ ഗണത്തിൽ പെടാത്തവരെ സൗകര്യപൂർവ്വം ശത്രുപക്ഷത്തു നിർത്താനും അവർക്കെതിരെ ആക്രമണോത്സുകത നിലനിർ ത്താനും സാധാരണ മനുഷ്യർ വരെ വിദഗ്ദ്ധരായി. തൊട്ടുകൂടായ്മ തുടച്ചു നീക്കിയെന്ന് അവകാശപ്പെട്ട ദേശങ്ങളിൽ സാമുദായിക ധ്രുവീ കരണം ശക്തമായി. വളർത്തുമൃഗ ങ്ങളും ഓമനകളും (pets) കിടപ്പുമുറിയിൽ ഇടം നേടുമ്പോഴും സഹോദരനെ ശത്രുവായി മുദ്ര കുത്തി കല്ലേറ് ദൂരത്തുനിർത്തുന്നതും ആട്ടിയോടിക്കുന്നതും ശത്രുത യല്ലാതെ മറ്റെന്താണ്? അപരനോടുള്ള പകയും വിദ്വേഷവും മനസ്സിൽ കൊണ്ടുനടക്കുന്നത് അവരവരെ തന്നെയാണ് ശാരീരിക മാനസിക ആത്മീയ തലങ്ങളിൽ ക്ഷയിപ്പിക്കു ന്നത് എന്ന തിരിച്ചറിവ് പ്രധാനമാണ്. ഭിന്ന ലിംഗക്കാരെയും (LGBTQ), ദാമ്പത്യത്തിലെ ചട്ടക്കൂടുകളിൽനിന്ന് പുറത്തുപോകേണ്ടി വന്നവരെയും കരുതലോടെ പരിഗണിച്ച് സമഭാവനയോടെ ചേർത്ത് പിടിക്കാൻ പോന്ന സഹജസ്നേഹം സഭയുടെ ഭൂമികയിലും വിശാലലോകം മുഴുക്കെയും ചാലിച്ചിട്ടാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പ വിടവാങ്ങിയത്. സഭ ഒരു സ്നേഹഗാഥയാണ് (love story), ഔദ്യോഗികസംവിധാനമല്ല (bureaucratic organization) എന്ന് പാപ്പയെക്കൊണ്ട് പറയിപ്പിച്ചതും ഈ സ്നേഹം തന്നെയാണ്. സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ മനുഷ്യരും പരിപൂർണ്ണരാകാനുള്ള ക്ഷണം കൂടിയാണ് ശ്രേഷ്ഠമായ ഈ ശത്രുസ്നേഹം.

### കൊടുക്കൽ വാങ്ങലുകൾ:

വായ്പ കൊടുത്ത് തിരികെ ലഭിക്കുന്ന ദിവസവും, സമയവും, തുകയും കണക്കുകൂട്ടി കാത്തിരി ക്കുന്നവനെ, ഗണിതത്തിന്റെ കൂട്ടിക്കിഴിച്ചിലുകൾ അസ്വസ്ഥ നാക്കും. ചുരുങ്ങിയ പക്ഷം ബന്ധങ്ങളിൽ നിന്നെങ്കിലും ഗണിതത്തെ കല്ലേറ് ദൂരത്ത് നിറുത്തുന്നത് നല്ലതാണ്. 'മനുഷ്യബന്ധങ്ങളിൽ നിന്ന് ഗണിതത്തെ മാറ്റി നിർത്തുവാൻ പറ്റുന്നിടത്താണ് മനുഷ്യനെന്ന നിലയിൽ ഒരുവന്റെ വിജയമിരി ക്കുന്നത്'. ലാഭനഷ്ടങ്ങൾ നിർണ്ണയിച്ചു തന്നെ ജീവിതത്തിന്റെ കണക്കു പുസ്തകത്തിലെ താളുകൾ ഒന്നൊന്നായി കൊഴിഞ്ഞു തീരും. മക്കളെ വളർത്തുന്ന മാതാപിതാക്കൾ 'ഞങ്ങൾക്കൊന്നും വേണ്ട, നിങ്ങൾ നന്നായാൽ മതി' എന്ന് പറഞ്ഞത് ഒടുവിൽ ഒരു പക്ഷെ പാഴ് വാക്കായി അവശേഷിക്കുന്നു, ഉള്ളിലുള്ള കണക്കപ്പിള്ളയെന്ന ദുർഭൂതം അറിയാതെ ഒരിക്കൽ കുപ്പിപൊട്ടിച്ച് പുറത്തുവരും. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നവർ അനുഗ്രഹീതരാ കുന്നു, അവരവർക്ക് വേണ്ടി മാത്രം ജീവിക്കുന്നവർ പലപ്പോഴും ദുഃഖിതരുമാണ്. മേലങ്കി എടുക്കുന്നവന് കുപ്പായം കൂടി

കൊടുക്കുന്നത്, മറ്റുള്ളവർ ആഗ്രഹിക്കു ന്നതിന് 'അതുക്കും മേലെ' കൊടുക്കാനുള്ള ആഹ്വാന മാണ്; സ്നേഹത്തിന്റെ സമൃദ്ധി യാണത്. ചോദിക്കാതെ പ്രതീക്ഷി ക്കുന്നത്തിലധികം തക്കസമയത്ത് കൊടുക്കുക ഔദാര്യമല്ല, കടമയാണ്. തക്കതായ പ്രതിഫലം ദൈവം നൽകുമെന്ന് ഉറച്ചു വിശ്വസിക്കുന്നവർ കൊടുത്തത് തിരികെ കിട്ടാൻ കാത്തി രിക്കുകയും വേണ്ട, കുപ്പായവും കൊടുക്കൽ വാങ്ങലുകളും എല്ലാമെല്ലാം നിത്യജീവിതത്തിന്റെ ഭാഗമായ പ്രവൃത്തികളാണ്, അതിനാൽ പ്രബോധനം ഒറ്റത്തവണ പാലിക്കാനുള്ളതല്ല, ശീലവും സ്വഭാവവും സംസ്കാരവും ആകേണ്ടതാണ്.



**വാൽക്കഷ്ണം :**

"ചിലർ അങ്ങനെയാണ്, പുലരി നടത്തത്തിന് കാറിൽ പോകും. കാർ പാർക്ക് ചെയ്തിട്ട് നഗരത്തിലെ പാർക്കിൽ അര മണിക്കൂർ അരയിള ക്കി നടക്കും. ഓഫീസിലെത്തിയാൽ ഒറ്റയിരുപ്പിരുന്ന് നാട്ടുകാരെ മുഴുവൻ നടത്തിക്കും. എല്ലാവരുടെയും ആരോഗ്യം ശ്രദ്ധിക്കണമല്ലോ", കുരീപ്പുഴ ശ്രീകുമാറിന്റെ എഴുത്താണ്. വായിക്കുന്നതും, ഗ്രഹിക്കുന്നതും ജീവിക്കുന്നതും ക്രിസ്തു പാഠ ങ്ങളാണ്, എന്നിട്ടും ദീനരെയും ചെറിയവരെയും അകറ്റി നിർത്തു ന്നുണ്ടോ, അതോ ക്രിസ്തു പകർന്ന സഹിതഭാവം (inclusive nature) അഥവാ സർവ്വാശ്ലേഷിമനോഭാവം പുലർത്തുന്നുണ്ടോ, വഴി തെളിക്കേ ണ്ടവർ തന്നെ വഴി മുടക്കികളാകു ന്നുണ്ടോ, യഥാർത്ഥത്തിൽ നാം സമാധാനകാംക്ഷികളും സമാധാനസ്ഥാപകരുമാണോ, നമ്മുടെ വി. കുർബാനയും വിശ്വാസപരിശീലനവും, ഭക്താഭ്യാസങ്ങളും കേവലം ശീലത്തിന്റെയും പാരമ്പര്യത്തി ന്റെയും പേരിലുള്ളത് മാത്രമാണോ, നാം പഴയ നിയമത്തിന്റെ നിഷ്കർഷയിലാണോ അതോ കൃപയുടെയും കരുണയുടെയും സ്നേഹത്തിന്റെയും സുവിശേഷ ത്തിലാണോ ജീവിക്കുന്നത്, എന്റെ ഓട്ടം അനശ്വര കിരീടം ലക്ഷ്യമാക്കി യാണോ എന്നൊക്കെ പരിചിന്തനം ചെയ്യാൻ ഈ വചനഭാഗം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. മനുഷ്യന് ദൈവം നൽകിയ ഏറ്റവും വലിയ ഭാഗ്യം ക്രിസ്തു തന്നെയാണ്. പുത്രനെ സ്വന്തമാക്കിയവർ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. തിന്മയെ നന്മ കൊണ്ട് നേരിട്ടാൽ, സമാ ധാനത്തിൽ മരിക്കുക എന്നതിലുപരി സമാധാനത്തിൽ ജീവിക്കുവാൻ (Live in peace rather than die in peace) നമുക്ക് സാധിക്കും എന്ന പ്രത്യാശയിൽ അവന്റെ വചസ്സുകൾ ധ്യാനിക്കാം, ഹൃദിസ്ഥമാക്കാം. ക്രിസ്തുവു മായുള്ള ആഴമായ സ്നേഹത്തിലാണ് നാം പരിവർത്തിതരാകുന്നത്. പരിശുദ്ധാത്മാവേ, ശത്രുസ്നേഹം അനുശീലിക്കാൻ, ദ്രോഹിക്കു ന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ, തിരികെ പ്രതീക്ഷിക്കാതെ ഹൃദയപൂർവ്വം കൊടുക്കാൻ... അങ്ങനെ, ഈശോയിലേക്ക് എന്നെ അടുപ്പിക്കുന്നതെല്ലാം, എന്നിലേക്കും അടുപ്പിക്കണമേ, ഈശോയെ, എന്റെ ഹൃദയം, അങ്ങയുടെ തിരുഹൃദയ ത്തിന് ഒത്തതാക്കിയരുളണമേ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com